14.07.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 25–11–2000

# ബാപ്സമാനമാകുന്നതിന് രണ്ടു കാര്യങ്ങളുടെ ദൃഢത വെക്കൂ സ്വമാനത്തിലിരിക്കുക എല്ലാവർക്കും ബഹുമാനം നൽകുക.

ഇന്ന് ബാപ്ദാദ തന്റെ പ്രിയപ്പെട്ടവരിലും പ്രിയപ്പെട്ട മധുരമായതിലും മധുരമായ കൊച്ചു ബ്രാഹ്മണ പരിവാരമെന്നു പറഞ്ഞാലും ബ്രാഹ്മണ ലോകമെന്ന് പറഞ്ഞാലും അതിനെ തന്നെ നോക്കിക്കൊണ്ടിരിക്കുകയാണ്. ഈ കൊച്ചു ലോകം എത്ര വേറിട്ടതുമാണ് എന്നാൽ പ്രിയപ്പെട്ടതുമാണ്. എന്തുകൊണ്ട് പ്രിയപ്പെട്ടതാണ്? എന്തെന്നാൽ ബ്രാഹ്മണ ലോകത്തെ ഓരോ ആത്മാവും വിശേഷ ആത്മാവാണ്. കാണുമ്പോൾ അതീവ സാധാരണ ആത്മാക്കളായി കാണപ്പെടുന്നു. എന്നാൽ ഏറ്റവും വലുതിലും വലിയ വിശേഷത, ഓരോ ബ്രാഹ്മണ ആത്മാവിന്റെയും ഇതാണ് പരമാത്മാവിനെ തന്റെ ദിവ്യബുദ്ധിയിലൂടെ തിരിച്ചറിഞ്ഞു. 90 വയസ്സായ വൃദ്ധൻ ആകട്ടെ രോഗിയാകട്ടെ എന്നാൽ പരമാത്മാവിനെ തിരിച്ചറിയാനുള്ള ദിവ്യബുദ്ധി ദിവ്യനേത്രം ബ്രാഹ്മണ ആത്മാക്കൾക്കല്ലാതെ പേരുകേട്ട വി.ഐ.പികൾക്കും ഇല്ല. ഈ എല്ലാ അമ്മമാരും എന്തുകൊണ്ട് ഇവിടെ എത്തിച്ചേർന്നു ? കാലുകൾ ചലിച്ചുവോ ചലിച്ചില്ലയോ എന്നാൽ എത്തിച്ചേർന്നിരിക്കുന്നു. അപ്പോൾ തിരിച്ചറിഞ്ഞു അതിനാൽ ആണല്ലോ എത്തിച്ചേർന്നത്. ഈ തിരിച്ചറിയാനുള്ള നേത്രം , തിരിച്ചറിയാനുള്ള ബുദ്ധി താങ്കൾക്ക് അല്ലാതെ ആർക്കും പ്രാപ്തമാകുക സാധ്യമല്ല. എല്ലാ അമ്മമാരും ഈ ഗീതം പാടുന്നില്ലേ ഞങ്ങൾ കണ്ടു ഞങ്ങൾ അറിഞ്ഞു ... മാതാക്കൾക്ക് ഈ ലഹരിയില്ലേ? കൈ വീശിക്കൊണ്ടിരിക്കുന്നു, വളരെ നല്ലത്. പാണ്ഡവർക്ക് ലഹരി ഉണ്ടോ ? പരസ്പരം ഒന്നിനൊന്നു മെച്ചമാണ്. ശക്തികളിലും കുറവില്ല പാണ്ഡവരിലും കുറവില്ല. എന്നാൽ ബാപ്ദാദയ്ക്ക് ഇതാണ് സന്തോഷം ഈ കൊച്ചു ലോകം എത്ര പ്രിയപ്പെട്ടതാണ്. പരസ്പരം കാണുമ്പോഴും എത്ര പ്രിയപ്പെട്ട ആത്മാക്കളായി തോന്നുന്നു!

ബാപ്ദാദ ദേശവിദേശത്തെ സർവ്വ ആത്മാക്കളിലൂടെയും ഇന്ന് ഈ ഹൃദയത്തിന്റെ പാട്ടാണ് കേൾപ്പിച്ചുകൊണ്ടിരുന്നത് ബാബാ, മധുരമായ ബാബാ ഞങ്ങൾ അറിഞ്ഞു ഞങ്ങൾ കണ്ടു. ഈ ഗീതം പാടി പാടി നാനാ ഭാഗത്തെയും മക്കൾ ഒരുവശത്ത് സന്തോഷത്തിൽ, മറുവശത്ത് സ്നേഹ സാഗരത്തിൽ അലിഞ്ഞു ചേർന്നിരുന്നു. ആരു തന്നെ നാനാഭാഗത്തുള്ളവരായാലും ഇവിടെ സാകാരത്തിൽ ഇല്ലെങ്കിലും ഹൃദയം കൊണ്ട് ദൃഷ്ടി കൊണ്ട് ബാപ്ദാദയ്ക്ക് മുന്നിലാണ്. ബാപ്ദാദയും സാകാരത്തിൽ ദൂരെ ഇരുന്നു കൊണ്ട് കുട്ടികളെ സന്മുഖത്ത് തന്നെ കണ്ടുകൊണ്ടിരിക്കുകയാണ്. ദേശത്ത് ആകട്ടെ വിദേശത്താകട്ടെ ബാപ്ദാദയ്ക്ക് എത്ര സമയത്തിൽ എത്തിച്ചേരാൻ കഴിയും? ചുറ്റിക്കറങ്ങാൻ കഴിയുമോ? ബാപ്ദാദ നാനാഭാഗത്തെയും കുട്ടികൾക്ക് പകരമായി കോടാനുകോടിയിലും കൂടുതൽ സ്നേഹ സ്മരണകൾ നൽകുകയാണ്. നാനാഭാഗത്തേയും കുട്ടികളെ കണ്ടു കണ്ട് എല്ലാവരുടെയും ഹൃദയത്തിൽ ഒരേയൊരു സങ്കല്പം തന്നെ കണ്ടുകൊണ്ടിരിക്കുകയാണ്. എല്ലാവരും ഇതാണ് പറഞ്ഞുകൊണ്ടിരിക്കുന്നത് എനിക്ക് പരമാത്മാവു നൽകിയ ആറുമാസത്തിന്റെ ഹോം വർക്ക് ഓർമ്മയുണ്ട്. താങ്കൾ എല്ലാവർക്കും ഓർമ്മയുണ്ടല്ലോ? മറന്നു പോയിട്ടില്ലല്ലോ ? പാണ്ഡവർക്ക് ഓർമ്മയുണ്ടോ? നന്നായി ഓർമ്മയുണ്ടോ? ബാപ്ദാദ വീണ്ടും വീണ്ടും എന്തുകൊണ്ടാണ് ഓർമ്മപ്പെടുത്തുന്നത്? കാരണം? സമയത്തെ കണ്ടുകൊണ്ടിരിക്കുകയാണ്. ബ്രാഹ്മണ ആത്മാക്കൾ സ്വയത്തെയും കണ്ടുകൊണ്ടിരിക്കുകയാണ്. മനസ്സ് ചെറുപ്പം ആയി പോവുകയാണ് ശരീരം വയസ്സാവുകയാണ്. സമയത്തിന്റെ വിളിയും ആത്മാക്കളുടെ വിളിയും നല്ല രീതിയിൽ കേട്ടുകൊണ്ടിരിക്കുകയാണ്! അപ്പോൾ ബാപ്ദാദ കണ്ടുകൊണ്ടിരിക്കുകയായിരുന്നു ആത്മാക്കളുടെ വിളി ഹൃദയത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് – ഹേ സുഖദേവാ, ഹേ ശാന്തിദേവാ, ഹേ സത്യ സന്തോഷദേവാ അല്പം അഞ്ജലി എനിക്കും നൽകിയാലും. ചിന്തിക്കൂ നിലവിളിക്കുന്നവരുടെ വരി എത്ര വലുതാണ്! താങ്കൾ എല്ലാവരും ചിന്തിക്കുന്നു ബാബയുടെ പ്രത്യക്ഷത എത്രയും വേഗം നടക്കണം. എന്നാൽ പ്രത്യക്ഷത ഏത് കാരണത്താൽ നിന്ന് പോയിരിക്കുകയാണ് ? താങ്കൾ ഏവരും ഇതേ സങ്കല്പം ചെയ്യുമ്പോൾ, ഹൃദയത്തിന്റെ ആഗ്രഹവും വെക്കുമ്പോൾ, വായിലൂടെ പറയുകയും ചെയ്യുന്നു എനിക്ക് ബാപ്സമാനം ആകണം. ആകേണ്ടേ ? ആകണമോ? നല്ലത് പിന്നെ എന്താണ് ആകാത്തത് ? ബാപ്ദാദ ബാപ്സമാനം ആകുവാൻ പറഞ്ഞിട്ടുണ്ട്. എന്താകണം, എങ്ങനെയാകണം, സമാനം എന്ന വാക്കിൽ ഈ രണ്ട് ചോദ്യവും ഉയർത്താൻ ആവില്ല. എന്താകണം ? ഉത്തരമില്ലേ ബാപ്സമാനം ആകണം. എങ്ങനെയാകണം?

ഫോളോ ഫാദർ, മാതാപിതാവിന്റെ ചുവട് പിന്തുടരണം. നിരാകാര അച്ഛൻ, സാകാര ബ്രഹ്മാ അമ്മ. എന്താ പിന്തുടരാനും അറിയില്ലേ ? പിന്തുടരുവാൻ ഇന്നത്തെ ലോകത്ത് അന്ധർ പോലും ചെയ്തോളും. കണ്ടിട്ടുണ്ട് ഇപ്പോഴെല്ലാം അവർ മരത്തടിയുടെ ശബ്ദം കേട്ട്, മരത്തടിയെ പിന്തുടർന്ന് എവിടെ എവിടെ എത്തിച്ചേരുന്നു. താങ്കൾ ആണെങ്കിൽ മാസ്റ്റർ സർവ്വശക്തിവാൻ ആണ്, ത്രിനേത്രിയാണ്, ത്രികാല ദർശിയാണ്. പിന്തുടരുക താങ്കൾക്ക് എന്താ വലിയ കാര്യമാണോ! എന്താ വലിയ കാര്യമാണോ?പറയൂ വലിയ കാര്യമാണോ? അല്ല പക്ഷേ ആയി പോകുന്നു. ബാപ്ദാദ സ്ഥലങ്ങൾ ചുറ്റിക്കറങ്ങുമ്പോൾ സെന്ററിലും

സെന്ററിൽ , ഓരോരുത്തരുടെ ഗൃഹസ്ഥത്തിലും എവിടെവിടെയെല്ലാം ബ്രഹ്മാബാബയുടെ ചിത്രം ധാരാളം വെച്ചിരിക്കുന്നു. അവ്യക്ത ബാബയുടെ ആകട്ടെ ബ്രഹ്മാബാബയുടെതാകട്ടെ എവിടെയും ചിത്രം തന്നെ ചിത്രം കാണപ്പെടുന്നു. നല്ല കാര്യമാണ്. എന്നാൽ ബാപ്ദാദ ഇതാണ് ചിന്തിക്കുന്നത് ചിത്രത്തെ കണ്ട് ചരിത്രത്തെ ഓർമിക്കുന്നുവല്ലോ! അതോ വെറും ചിത്രം തന്നെ കാണുന്നുവോ? ചിത്രത്തെ കണ്ട് പ്രേരണ ലഭിക്കുന്നില്ലേ! എങ്കിൽ ബാപ്ദാദ മറ്റൊന്നും പറയുന്നില്ല വെറും ഒരേയൊരു വാക്ക് പറയുന്നു പിന്തുടരൂ, അത്രമാത്രം. ചിന്തിക്കരുത്, കൂടുതൽ പദ്ധതി ഉണ്ടാക്കാതിരിക്കുക, ഇതല്ല അത് ചെയ്യാം, ഇങ്ങനെയല്ല അങ്ങനെ, അങ്ങനെയല്ല ഇങ്ങനെ. വേണ്ട. എന്ത് ബാബ ചെയ്തുവോ കോപ്പി ചെയ്യണം അത്ര മാത്രം. കോപ്പി ചെയ്യാൻ അറിയില്ലേ? ഇന്നത്തെ കാലത്ത് സയൻസ് ഫോട്ടോ കോപ്പിയുടെയും യന്ത്രം പുറത്തിറക്കിയിട്ടുണ്ട്. ഇറക്കിയിട്ടില്ലേ! ഇവിടെ ഫോട്ടോ കോപ്പി ഇല്ലേ? അപ്പോൾ ഈ ബ്രഹ്മാബാബയുടെ ചിത്രം വയ്ക്കുന്നു. വെച്ചോളൂ, നന്നായി വെച്ചോളൂ, വലുതിലും വലുതായി വെച്ചോളൂ. എന്നാൽ ഫോട്ടോ കോപ്പി ചെയ്യില്ലേ!

അപ്പോൾ ബാപ്ദാദ ഇന്ന് നാനാഭാഗത്തും ചുറ്റിക്കറങ്ങി ഇത് നോക്കുകയായിരുന്നു ചിത്രത്തോടാണോ സ്നേഹം അതോ ചരിത്രത്തോടാണോ സ്നേഹം? സങ്കല്പമുണ്ട്, ഉണർവും ഉണ്ട്, ലക്ഷ്യവും ഉണ്ട്, മറ്റെന്താണ് വേണ്ടത് ? ബാപ്ദാദ കണ്ടു ഏതൊരു സാധനത്തെയും നല്ല രീതിയിൽ ശക്തമാക്കുന്നതിന് നാല് മൂലകളിൽ നിന്നും അതിനെ ഉറപ്പിക്കാറുണ്ട് . അപ്പോൾ ബാപ്ദാദ കണ്ടു മൂന്ന് കോണുകൾ പക്കയാണ് ഒരു കോൺ ഇനിയും പക്കയാകണം. സങ്കൽപ്പവും ഉണ്ട്, ഉണർവും ഉണ്ട്, ലക്ഷ്യവുമുണ്ട് ആരോടും വേണമെങ്കിലും ചോദിച്ചു നോക്കൂ എന്താകണം? ഓരോരുത്തരും പറയുന്നു ബാപ്സമാനം ആവണം. ആരും ഇങ്ങനെ പറയുന്നില്ല ബാബയിൽ നിന്നും താഴെ ആകണം. ഇല്ല, സമാനമാകണം. നല്ല കാര്യമാണ്. ഒരു മൂല ശക്തമാക്കുന്നു, എന്നാൽ പോകെ പോകെ ദുർബലമായി പോകുന്നു അതാണ് ദൃഢത. സങ്കല്പമുണ്ട് ലക്ഷ്യമുണ്ട് എന്നാൽ ഏതെങ്കിലും സാഹചര്യം വരുമ്പോൾ സാധാരണ വാക്കുകളിൽ താങ്കൾ അതിനെ പറയുന്നു പ്രശ്നങ്ങൾ വരുന്നു. അത് ദുർബലമാക്കുന്നു. ദൃഢത എന്ന് അതിനെയാണ് പറയുന്നത് മരിച്ചാലും ഇല്ലാതായാലും സങ്കല്പം ഇല്ലാതാകരുത്. തലകുനിക്കേണ്ടി വന്നാലും, ജീവിച്ചിരിക്കെ മരിക്കേണ്ടി വന്നാലും, താങ്കൾക്ക് വഴങ്ങേണ്ടി വന്നാലും, സഹിക്കേണ്ടി വന്നാലും, കേൾക്കേണ്ടി വന്നാലും പക്ഷേ സങ്കല്പം പോകരുത്. ഇതിനെയാണ് പറയുന്നത് ദൃഢത. കൊച്ചുകൊച്ച് കുട്ടികൾ ഓംനിവാസിൽ വന്നിരുന്നപ്പോൾ ബ്രഹ്മാബാബ അവർക്ക് ചിരിച്ചു ചിരിച്ചു ഓർമ്മപ്പെടുത്തിയിരുന്നു, പക്കാ ആക്കിയിരുന്നു ഇത്രയും ഇത്രയും വെള്ളം കുടിക്കേണ്ടി വരും, ഇത്രയും മുളക് തിന്നണം, പേടിക്കരുത്. പിന്നെ കൈകൊണ്ട് ഇങ്ങനെ കണ്ണിനു മുന്നിൽ ചെയ്തിരുന്നു... അപ്പോൾ ബ്രഹ്മാബാബ കൊച്ചു കൊച്ചു കുട്ടികളെ പക്കയാക്കിയിരുന്നു, എങ്ങനെയുള്ള സമസ്യ വന്നാലും സങ്കല്പത്തിന്റെ കണ്ണ് ഇളകരുത്. അതാണെങ്കിൽ ചുവന്ന മുളകും വെള്ളപാത്രവുമായിരുന്നു, കൊച്ചു കുട്ടികളായിരുന്നു. താങ്കൾ ആണെങ്കിൽ എല്ലാവരും ഇപ്പോൾ വലിയവരാണ്. അപ്പോൾ ബാപ്ദാദ ഇന്നും കുട്ടികളോട് ചോദിക്കുന്നു താങ്കൾക്ക് ദൃഢ സങ്കല്പം ഉണ്ടോ? സങ്കല്പത്തിൽ ദൃഢത ഉണ്ടോ ബാപ്സമാനം ആവുക തന്നെ വേണം? ആകണം എന്നല്ല ആവുക തന്നെ വേണം. ശരി ഇതിൽ കൈവീശൂ. ടിവിക്കാർ എടുത്തോളൂ. ടിവി ഉപയോഗപ്പെടുത്തണമല്ലോ! വലുത് വലുതായി കൈ കാണിക്കൂ. നല്ലത് അമ്മമാരും ഉയർത്തുകയാണ്. പുറകിലുള്ളവർ ഒന്നുകൂടെ ഉയരെ കൈ കാണിക്കൂ. വളരെ നല്ലത്. കാബിനിൽ ഉള്ളവർ ഉയർത്തുന്നില്ല. കാബിനിൽ ഉള്ളവർ നിമിത്തം ആണല്ലോ. ശരി, കുറച്ച് നിമിഷത്തേക്ക് കൈ ഉയർത്തി ബാപ്ദാദയെ സന്തോഷിപ്പിച്ചു.

ഇപ്പോൾ ബാപ്ദാദ കേവലം ഒരേയൊരു കാര്യം കുട്ടികളെക്കൊണ്ട് ചെയ്യിക്കാൻ ആഗ്രഹിക്കുന്നു, പറയാൻ ആഗ്രഹിക്കുന്നില്ല, ചെയ്യിക്കുവാൻ ആഗ്രഹിക്കുന്നു. സ്വന്തം മനസിൽ ദൃഢത കൊണ്ട് വരൂ. ചെറിയൊരു കാര്യത്തിൽ സങ്കൽപത്തെ ദുർബലമാക്കാതിരിക്കൂ. ആരെങ്കിലും അപമാനിക്കട്ടെ, ആരെങ്കിലും വെറുക്കട്ടെ, നിന്ദിക്കട്ടെ, എപ്പോഴെങ്കിലും ആരെങ്കിലും ദു:ഖം നൽകട്ടെ എന്നാൽ താങ്കളുടെ ശുഭഭാവന അകലാതിരിക്കട്ടെ. താങ്കൾ വെല്ലുവിളിക്കുന്നു ഞങ്ങൾ മായയെ, പ്രകൃതിയെ പരിവർത്തനം ചെയ്യുന്ന വിശ്വപരിവർത്തകരാണ്. സ്വന്തം കർത്തവ്യം ഓർമയുണ്ടല്ലോ? വിശ്വപരിവർത്തകരല്ലേ! അഥവാ ആരെങ്കിലും തന്റെ സംസ്കാരത്തിന് വശപ്പെട്ട് താങ്കൾക്ക് ദു:ഖവും നൽകട്ടെ, മുറിവേൽപിക്കട്ടെ, ഉലയ്ക്കട്ടെ, അപ്പോൾ എന്താ താങ്കൾക്ക് ദു?ഖത്തിന്റെ കാര്യത്തെ സുഖത്തിലേക്ക് പരിവർത്തനം ചെയ്യാൻ കഴിയില്ലേ ? അപമാനത്തെ സഹിക്കാനാവുകയില്ലേ? നിന്ദയെ റോസാ പുഷ്പമാക്കുവാൻ കഴിയില്ലേ? സമസ്യയെ ബാപ്സമാനമാകുന്നതിനുള്ള സങ്കൽപത്തിലേക്ക് പരിവർത്തനപ്പെടുത്താനാവില്ലേ? താങ്കളേവർക്കും ഓർമയുണ്ടാവും താങ്കൾ ബ്രാഹ്മണജന്മത്തിലേക്ക് വന്നപ്പോൾ നിശ്ചയിച്ചു, താങ്കൾ ഒരു സെക്കന്റെടുത്താലും ഒരു മാസമെടുത്താലും പക്ഷേ എപ്പോൾ മുതൽ താങ്കൾ നിശ്ചയിച്ചുവോ ഹൃദയം പറഞ്ഞു ഞാൻ ബാബയുടേത്, ബാബ എന്റേത്. സങ്കൽപിച്ചുവല്ലോ, അനുഭവം ചെയ്തുവല്ലോ! അപ്പോൾ മുതലേ താങ്കൾ മായയെ വെല്ലുവിളിച്ചു ഞാൻ മായാജീത്താകും. ഈ വെല്ലുവിളി മായയോട് ചെയ്തില്ലേ? മായാജീത്താകണോ വേണ്ടയോ? മായാജീത്ത് താങ്കൾ തന്നെയല്ലേ അതോ ഇനി മറ്റാരെങ്കിലും വരണോ? എപ്പോൾ

മായയെ വെല്ലുവിളിച്ചുവോ അപ്പോൾ ഈ സമസ്യകൾ, ഈ പ്രശ്നങ്ങൾ, ഈ ഇളക്കങ്ങൾ മായയുടെ തന്നെ റോയൽ രൂപമാണ്. മായ മറ്റൊരു രൂപത്തിലും വരികയേയില്ല. ഈ രൂപങ്ങളിൽ തന്നെ മായാജീത്താകണം. പ്രശ്നം മാറുകയില്ല, സെന്റർ മാറുകയില്ല, സ്ഥലം മാറുകയില്ല, ആത്മാക്കൾ മാറുകയില്ല, നമുക്ക് മാറണം. താങ്കളുടെ സ്ലോഗനാണെങ്കിൽ എല്ലാവർക്കും വളരെ നന്നായി തോന്നുന്നു മാറി കാണിക്കണം, പകരം വീട്ടേണ്ട, മാറണം. ഇതാണെങ്കിൽ പഴയ സ്ലോഗനാണ്. പുതിയ പുതിയ രൂപം, റോയൽ രൂപമായി മായ ഇനിയും വരും, പരിഭ്രമിക്കരുത്. ബാപ്ദാദ അടിവരയിടുകയാണ് മായ ഇങ്ങനെയിങ്ങനെയുള്ള രൂപങ്ങളിൽ വരും. വന്നുകൊണ്ടിരിക്കുന്നു. ആര് തിരിച്ചറിയുക പോലും ചെയ്യുന്നില്ലയോ ഇത് മായയാണ്, പറയും ഇല്ല ദാദീ, താങ്കൾ മനസ്സിലാക്കുന്നില്ല ഇത് മായ അല്ല, ഇത് സത്യമായ കാര്യമാണ്. ഇനിയും റോയൽ രൂപത്തിൽ വരും, ഭയക്കാൻ പാടില്ല. എന്തുകൊണ്ട്? നോക്കൂ, ഏതൊരു ശത്രുവും അഥവാ തോൽക്കുകയാണെങ്കിലും അഥവാ ജയിക്കുകയാണെങ്കിലും ചെറിയ ചെറിയ അസ്ത്രശാസ്ത്രങ്ങൾ ഉള്ളവരാണെങ്കിലും ഉപയോഗിക്കുമോ ഉപയോഗിക്കാതിരിക്കുമോ? ഉപയോഗിക്കില്ലേ? അപ്പോൾ മായയുടെയും അന്ത്യം സംഭവിക്കണം, എന്നാൽ എത്രത്തോളം അന്ത്യം സമീപത്തേക്ക് വരുന്നുവോ അത്രയും അത് പുതിയ പുതിയ രൂപത്തിൽ തന്റെ അസ്ത്ര ശസ്ത്രങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു , ഉപയോഗിക്കുകയും ചെയ്യും. പിന്നീട് താങ്കളുടെ കാൽക്കൽ നമസ്കരിക്കും. ആദ്യം താങ്കളെ തലകുനിപ്പിക്കാൻ പരിശ്രമിക്കും, പിന്നീട് സ്വയം തലകുനിച്ച് പോകും. കേവലം ഇതിൽ ഇന്ന് ബാപ്ദാദ ഒരേയൊരു വാക്ക് വീണ്ടും വീണ്ടും അടിവര ഇട്ടു കൊണ്ടിരിക്കുകയാണ് ബാപ്സമാനമാകണം. തന്റെ ഈ ലക്ഷ്യത്തിന്റെ സ്വമാനത്തിൽ ഇരിക്കൂ ബഹുമാനം നൽകു – അതായത് ബഹുമാനം നേടൂ. എടുക്കുന്നതിലൂടെ ലഭിക്കുകയില്ല. നൽകുക അർത്ഥം നേടലാണ്. ബഹുമാനം വേണമെന്ന് വിചാരിക്കുന്നത് യഥാർത്ഥമല്ല ബഹുമാനം നൽകുക തന്നെയാണ് നേടൽ. സ്വമാനം ദേഹ ബോധത്തിന്റെ അല്ല, ബ്രാഹ്മണ ജീവിതത്തിന്റെ സ്വമാനം, ശ്രേഷ്ഠാത്മാവിന്റെ സ്വമാനം സമ്പന്നതയുടെ സ്വമാനം. അപ്പോൾ സ്വമാനവും ബഹുമാനവും കിട്ടണമെന്ന് വിചാരിക്കരുത്. എന്നാൽ നൽകുക തന്നെയാണ് നേടൽ. ഈ രണ്ടു കാര്യങ്ങളിലും ദൃഢത വെക്കൂ. താങ്കളുടെ ദൃഢതയെ ആര് എത്ര തന്നെ ഇളക്കിയാലും ദൃഢതയെ ദുർബലമാക്കാതിരിക്കുക. ശക്തമാക്കൂ. അചഞ്ചലമാകു. അപ്പോൾ ഈ ചെയ്ത പ്രതിജ്ഞ, ആറുമാസത്തിന്റെ, പ്രതിജ്ഞ ഓർമ്മയുണ്ടല്ലോ? ഇത് നോക്കരുത് ഇപ്പോഴാണെങ്കിൽ 15 ദിവസം പൂർത്തിയായി, അഞ്ചര മാസം കിടക്കുന്നുണ്ട്. ആത്മീയ സംഭാഷണം ചെയ്യുമ്പോൾ അമൃത വേളയ്ക്ക് ആത്മീയ സംഭാഷണം ചെയ്യുന്നു, അപ്പോൾ ബാപ്ദാദയ്ക്ക് വളരെ നല്ല നല്ല കാര്യങ്ങൾ കേൾപ്പിക്കുന്നു. സ്വന്തം കാര്യങ്ങൾ അറിയാമല്ലോ? ഇനി ദൃഢതയെ സ്വന്തമാക്കു. തലതിരിഞ്ഞ കാര്യങ്ങളിൽ ദൃഢത വയ്ക്കാതിരിക്കുക. ക്രോധിക്കുക തന്നെ വേണം, എനിക്ക് ദൃഢ നിശ്ചയമുണ്ട് ഇങ്ങനെ ചെയ്യരുത്. എന്തുകൊണ്ട്? ഇന്നത്തെ കാലത്ത് ബാപ്ദാദയുടെ അടുക്കൽ റെക്കോർഡിൽ ഭൂരിപക്ഷവും ക്രോധത്തിന്റെ പലപല പ്രകാരത്തിലുള്ള റിപ്പോർട്ട് എത്തുന്നു. മഹാരൂപത്തിൽ കുറവാണ് എന്നാൽ അംശരൂപത്തിൽ പല പലതരത്തിലുള്ള ക്രോധത്തിന്റെ രൂപം കൂടുതലാണ്. ഇതിൽ ക്ലാസ്സ് എടുക്കുക ക്രോധത്തിന് എത്ര രൂപങ്ങളുണ്ട്? പിന്നെ എന്ത് പറയുന്നു എനിക്ക് അങ്ങനെ ഉദ്ദേശമില്ലായിരുന്നു, ഭാവന ഇല്ലായിരുന്നു, ഇങ്ങനെ തന്നെ പറഞ്ഞുകൊള്ളുന്നു. ഇതിനെകുറിച്ച് ക്ലാസെടുക്കുക.

ടീച്ചർമാർ ധാരാളം വന്നിട്ടുണ്ടല്ലോ (1200 ടീച്ചർമാർ ഉണ്ട്) 1200 തന്നെ ദൃഢസങ്കല്പം ചെയ്യുകയാണെങ്കിൽ നാളെത്തന്നെ പരിവർത്തനം സംഭവിച്ചേക്കാം. പിന്നെ ഇത്രയും അപകടം ഉണ്ടാവുകയില്ല എല്ലാവരും രക്ഷപ്പെടും. ടീച്ചർമാർ കൈ ഉയർത്തു. ധാരാളം ഉണ്ട്. ടീച്ചർ അർത്ഥം നിമിത്ത അടിത്തറ. അഥവാ അടിത്തറ പക്കയാണ് അതായത് ദൃഢമായി ഇരുന്നു എങ്കിൽ വൃക്ഷം തനിയെ നേരെയായിക്കോളും. ഇന്നത്തെ കാലത്ത് ലോകത്ത് ആകട്ടെ ബ്രാഹ്മണ ലോകത്താകട്ടെ ഓരോരുത്തർക്കും ധൈര്യവും സത്യമായ സ്നേഹവും വേണം. ആസക്തിയുടെ സ്നേഹമല്ല, സ്വാർത്ഥതയുടെ സ്നേഹമല്ല, സത്യമായ സ്നേഹം. രണ്ട് ധൈര്യം. 95 ശതമാനം ആരെങ്കിലും സംസ്കാരത്തിന് വശപ്പെട്ടിരിക്കുകയാണ് എന്ന് കരുതൂ, പരവശമായി മേലും കീഴും ആയി. എന്നാൽ 5 ശതമാനം നല്ലത് ചെയ്തു. എന്നാലും താങ്കൾ അവരുടെ 5 ശതമാനം നന്മയെ എടുത്ത് ആദ്യം അവരിൽ ധൈര്യം നിറയ്ക്കൂ. ഇത് വളരെ നല്ലതാണ് ചെയ്തത്. പിന്നെ അവരോട് പറയൂ ബാക്കി ഇത് ശരിയാക്കണം. അവർക്ക് ഫീൽ ആവുകയില്ല. അഥവാ താങ്കൾ പറയുകയാണ് ഇതെന്താ ചെയ്തത് ഇങ്ങനെ ഒരിക്കലും ചെയ്യരുത്, ഇത് ചെയ്യാൻ പാടുള്ളതല്ല. എങ്കിൽ ആദ്യമേ തന്നെ പാവം സംസ്കാരത്തിന് വശപ്പെട്ടാണ്, ദുർബലമാണ്, അപ്പോൾ അവർ പരിഭ്രമിച്ച് പോകുന്നു. പുരോഗതി ഉണ്ടാവുക സാധ്യമല്ല. അഞ്ചു ശതമാനത്തിന് ആദ്യം ധൈര്യം നൽകു, താങ്കളിൽ ഉള്ള ഈ കാര്യം വളരെ നല്ലതാണ്. ഇത് താങ്കൾക്ക് വളരെ നന്നായി ചെയ്യാൻ കഴിയും. പിന്നെ അവർക്ക് സമയം നോക്കി, അവരുടെ സ്വരൂപത്തെ മനസ്സിലാക്കി കാര്യം പറഞ്ഞു കൊടുക്കുകയാണെങ്കിൽ അവർ പരിവർത്തനപ്പെട്ടു കൊള്ളും. ധൈര്യം നൽകൂ. പരവശ ആത്മാക്കളിൽ ധൈര്യം ഉണ്ടാവുകയില്ല. ബാബ താങ്കളെ എങ്ങനെ പരിവർത്തനം ചെയ്തു? താങ്കളുടെ കുറവ് കേൾപ്പിച്ച് താങ്കൾ വികാരിയാണ്, താങ്കൾ

ചീത്തയാണ് എന്ന്  പറഞ്ഞുവോ? താങ്കൾക്ക് സ്മൃതി നൽകി താങ്കൾ ആത്മാവാണ്, ഈ ശ്രേഷ്ഠ സ്മൃതിയോടെ താങ്കളിൽ സമർത്ഥത കൈവന്നു. പരിവർത്തനം ചെയ്തു. അപ്പോൾ ധൈര്യത്തിലൂടെ സ്മൃതി നൽകു. സ്മൃതി സ്വതവേ തന്നെ സമർത്ഥത കൊണ്ടുവരും. മനസ്സിലായോ. അപ്പോൾ സമാനമായി പോകുമല്ലോ? കേവലം ഒരു വാക്ക് ഓർമ്മിക്കു ഫോളോ ഫാദർ മദർ. എന്ത് ബാബ ചെയ്തുവോ അത് ചെയ്യണം. അത്രമാത്രം. ചുവടിൻമേൽ ചുവട് വയ്ക്കണം. അപ്പോൾ സമാനമാകുക സഹജമായി അനുഭവമാകും.

ഡ്രാമ കൊച്ചുകൊച്ച് കളികൾ കാണിച്ചു കൊണ്ടിരിക്കുന്നു. ആശ്ചര്യത്തിന്റെ ചിഹ്നം ഇടുന്നില്ലല്ലോ? ശരി അനേകം കുട്ടികളുടെ കാർഡ്, കത്ത്, ഹൃദയത്തിന്റെ പാട്ട് ബാപ്ദാദയുടെ അടുക്കൽ എത്തിച്ചേർന്നിരിക്കുന്നു. എല്ലാവരും പറയുന്നു ഞങ്ങളുടെയും ഓർമ്മ നൽകണം, ഞങ്ങളുടെയും ഓർമ്മ നൽകണം. അപ്പോൾ ബാബയും പറയുന്നു എന്റെയും സ്നേഹ സ്മരണ നൽകികൊള്ളു. ഓർമ്മിക്കുന്നത് ബാബയും ചെയ്യുന്നു കുട്ടികളും ചെയ്യുന്നു. എന്തെന്നാൽ ഈ ചെറിയ ലോകത്തിൽ ബാപ്ദാദയും കുട്ടികളുമേയുള്ളൂ. മറ്റ് വിസ്താരമൊന്നും തന്നെയില്ല. അപ്പോൾ ആരെ ഓർമ്മ വരും? കുട്ടികൾക്ക് ബാബ, ബാബയ്ക്ക് കുട്ടികൾ. അപ്പോൾ ദേശ വിദേശത്തെ കുട്ടികൾക്ക് ബാപ്ദാദയും വളരെ വളരെ വളരെ വളരെ സ്നേഹ സ്മരണകൾ നൽകുന്നു. ശരി.

നാനാ ഭാഗത്തെയും ബ്രാഹ്മണ ലോകത്തെ വിശേഷ ആത്മാക്കൾക്ക്, സദാ ദൃഢതയിലൂടെ സഫലത പ്രാപ്തമാക്കുന്ന സഫലതയുടെ നക്ഷത്രങ്ങൾക്ക്, സദാ സ്വയത്തെ സമ്പന്നമാക്കി ആത്മാക്കളുടെ വിളിയെ പൂർത്തീകരിക്കുന്ന സമ്പന്ന ആത്മാക്കൾക്ക്, സദാ നിർബലർക്ക്, പരവശർക്ക് തന്റെ ധൈര്യത്തിന്റെ വരദാനത്തിലൂടെ ധൈര്യം നൽകുന്നവരായ  ബാബയുടെ സഹായത്തിന് പാത്രമായ ആത്മാക്കൾക്ക് , സദാ വിശ്വ പരിവർത്തകരായി സ്വപരിവർത്തനത്തിലൂടെ മായയെ, പ്രകൃതിയെ, ദുർബല ആത്മാക്കളെ പരിവർത്തനപ്പെടുത്തുന്ന പരിവർത്തക ആത്മാക്കൾക്ക്  നാനാഭാഗത്തെയും കൊച്ചുലോകത്തിലെ സർവ്വ ആത്മാക്കൾക്ക്, സന്മുഖത്ത് വന്നുചേർന്നിട്ടുള്ള ശ്രേഷ്ഠ ആത്മാക്കൾക്ക് ബാപ്ദാദയുടെ കോടാനുകോടി മടങ്ങ് സ്നേഹസ്മരണ, നമസ്തേ.

**വരദാനം : സൈലൻസിന്റെ സാധനങ്ങളിലൂടെ മായയെ ദൂരെ നിന്ന് തിരിച്ചറിഞ്ഞ് ഓടിക്കുന്ന  മായാജീത്തായി  ഭവിക്കട്ടെ.**

മായ അവസാന മണിക്കൂർ വരെ വരും. എന്നാൽ മായയുടെ ജോലിയാണ് വരിക, താങ്കളുടെ ജോലിയാണ് ദൂരെ നിന്ന് ഓടിക്കുക. മായ വരട്ടെ താങ്കളെ ഇളക്കട്ടെ പിന്നെ താങ്കൾ ഓടിക്കുന്നു. ഇതും സമയം പാഴാകൽ ആയി. അതിനാൽ സൈലൻസിന്റെ സാധനങ്ങളിലൂടെ താങ്കൾ ദൂരെ നിന്ന് തന്നെ തിരിച്ചറിഞ്ഞോളൂ ഇത് മായയാണ്. അതിനെ അടുത്തേക്ക് വരാൻ അനുവദിക്കാതിരിക്കുക. അഥവാ ആലോചിക്കുകയാണ് എന്ത് ചെയ്യും, എങ്ങനെ ചെയ്യും, ഇപ്പോഴും പുരുഷാർത്ഥിയാണ്... അപ്പോൾ ഇതും  മായക്ക് സൽക്കാരം ചെയ്യലാണ്, പിന്നെ ശല്യം ഉണ്ടാകുന്നു, അതിനാൽ ദൂരെ നിന്ന് തന്നെ തിരിച്ചറിഞ്ഞ് ഓടിച്ചോളൂ. അപ്പോൾ മായാജീത്തായി മാറും.

**സ്ലോഗൻ:- ശ്രേഷ്ഠ ഭാഗ്യത്തിന്റെ രേഖകളെ പ്രത്യക്ഷപ്പെടുത്തൂ എങ്കിൽ പഴയ സംസ്കാരത്തിന്റെ രേഖകൾ അപ്രത്യക്ഷമായിക്കോളും.**